# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 323 02.03.2020-ൽ മറുപടിക്ക്

## പമ്പാനദീ തീരത്തെ രണ്ടാംഘട്ട പുരാവസ്തു ഖനനം

**ചോദ്യം**

ശ്രീമതി വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പമ്പാനദീതട തീരത്തു നിന്നും കണ്ടെടുത്ത ശില്പങ്ങൾ സംരക്ഷിക്കുന്നതിനായി പുരാവസ്തു വകുപ്പ് സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) | പമ്പാനദീതട തീരത്തു നിന്നും ശാസ്ത്രീയമായി നീക്കം ചെയ്ത കളിമൺ ശിൽപങ്ങൾ പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള മണ്ണടി വേലുത്തമ്പി ദളവ മ്യൂസിയത്തിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. ഈ കളിമൺ ശിൽപങ്ങളുടെ Optically Stimulated Luminescence / Thermo Luminescence കാലനിർണയ നടപടികൾ നടന്നുവരികയുമാണ്. |
| (ബി) | രണ്ടാംഘട്ട ഖനനത്തിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (ബി), (സി) & (ഡി) | രണ്ടാംഘട്ട ഉദ്ഖനനത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ലൈസൻസ് ആവശ്യമാണ്. ആയതിലേക്കായി പ്രൊപ്പോസൽ തയ്യാറാക്കി സർക്കാർ ശുപാർശയോടെ 24.01.2020-ലെ 214/ബി1/2019-സാം.കാ.വ കത്ത് പ്രകാരം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയ്ക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭ്യമായിട്ടുണ്ട്.<br><br>രണ്ടാം ഘട്ട ഉദ്ഖനന പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ഉദ്ഖനന പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (സി) | രണ്ടാംഘട്ട ഖനനത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ലൈസൻസ് ആവശ്യമുണ്ടോ; | | |
| (ഡി) | പ്രസ്തുത ലൈസൻസിനായി സംസ്ഥാന പുരാവസ്തു വകുപ്പ് അപേക്ഷ സമർപ്പിച്ചിരുന്നോ; ഓൺലൈൻ വഴിയാണോ അപേക്ഷ സമർപ്പിച്ചത്; ഏത് തീയതിയിലാണ് അപേക്ഷ സമർപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ; | | |
| (ഇ) | തുടർഖനനം തടഞ്ഞുകൊണ്ട് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അധികൃതർ നിർദ്ദേശങ്ങളോ നടപടിക്രമങ്ങളോ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ആറന്മുളയിൽ കണ്ടെത്തിയ കളിമൺ ശില്പങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തതു സംബന്ധിച്ച് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വകുപ്പിൽ നിന്നും വിശദീകരണം ആരായുകയും ലൈസൻസില്ലാതെ തുടർഖനനങ്ങൾ നടത്താൻ പാടില്ല എന്ന് അറിയിക്കുകയും ചെയ്തു. പുരാവസ്തുക്കൾ വെളിപ്പെടുകയും അവ നഷ്ടപ്പെട്ട് |